**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

BASELIOS MARTHOMA PAULOSE II CATHOLICOS OF THE EAST AND MALANKARA METROPOLITAN 2010

**No. 117/2020**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും പള്ളികൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,

നമ്മുടെ സഭയിലെ അർഹരായ വിദ്യാർത്ഥികൾക്ക് വെല്ലൂർ, ലുധിയാന ക്രിസ്ത്യൻ മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ/പാരാമെഡിക്കൽ/നഴ്‌സിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നതിന് വിവിധ മാനദണ്ഡങ്ങൾ പാലിക്കപ്പെടേണ്ടതായിട്ടുണ്ട്. നമ്മുടെ സഭയിൽ നിന്ന് ഇപ്രകാരം പ്രവേശനം ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് സഭയിൽ നിന്നുള്ള സ്പോൺസർഷിപ്പ് നടപടികൾ ഏകീകരിക്കുന്നതിനുമായി പരുമല ആശുപത്രി കേന്ദ്രമാക്കി സഭയിലെ മെത്രാപ്പോലീത്താമാരും വിദഗ്ധരുമടങ്ങിയ ഒരു കമ്മറ്റിയെ നാം നിയമിച്ചിട്ടുണ്ട്. സ്പോൺസർഷിപ്പ് ആഗ്രഹിക്കുന്നവരും നടപടിക്രമങ്ങളെക്കുറിച്ച് അറിയേണ്ടവരും പരുമല ആശുപത്രി സി. ഇ. ഒ. എം. സി. പൗലോസ് കത്തനാരുമായി ബന്ധപ്പെടേണ്ടതാണ്. സ്പോൺസർഷിപ്പ് സംബന്ധിച്ച പ്രധാന വിവരങ്ങൾ ഈ കൽപനയോടൊപ്പം ചേർത്തിരിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2020 ജൂൺ മാസം 12 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.